നം: എ5/1500/2019/ഡി.പി.ഐ

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം,
തിരുവനന്തപുരം, തീയതി : 18 / 01/2019

## സർക്കുലർ-1

വിഷയം:- പൊതുവിദ്യാഭ്യാസം- ജീവനക്കാര്യം- സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനതയിലുള്ള സ്കൂളുകളിലെ അധ്യാപകരുടെയും പ്രൈമറി വിഭാഗം പ്രധാനാധ്യാപകരുടെയും 2019-20 വർഷത്തെ പൊതു സ്ഥലംമാറ്റം - സംബന്ധിച്ച്

സൂചന:-
1) സർക്കാർ ഉത്തരവ് (എം.എസ്) നം.2/2010/പൊ.വി.വ തീയതി, 02/01/2010.
2) സർക്കാർ ഉത്തരവ് (എം.എസ്) നം.20/2012/പൊ.വി.വ തീയതി, 20/01/2012
3) 14/10/2015 ലെ സർക്കാർ സർക്കുലർ നമ്പർ. 26519/ജെ(1) /15/പൊ.വി.വ
4) 25/02/2017 തീയതിയിലെ സ.ഉ (പി) നം. 3/2017/ഉ.ഭ.പ.വ
5) 17/01/2018-ലെ ഈ ഓഫീസിലെ സർക്കുലർ-1 നമ്പർ എ5/96000/2017/ഡി.പി.ഐ.

******

സർക്കാർ ഏറ്റെടുത്ത തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധീനത യിലുള്ള സ്കൂളുകളിൽ ജോലി ചെയ്യുന്ന ജില്ലാതല കോമൺ പൂളിൽ ഉൾപ്പെട്ട അധ്യാപകരിൽ നിന്നും പ്രൈമറി വിഭാഗം പ്രധാനാധ്യാപകരിൽ നിന്നും പൊതു സ്ഥലംമാറ്റത്തിന് അപേക്ഷ ക്ഷണിക്കുന്നു. സർക്കാർ സർവ്വീസിലുള്ള അധ്യാപക രുടെ സ്ഥലം മാറ്റത്തിനുള്ള നിർദ്ദിഷ്ട ഫാറത്തിൽ സമർപ്പിക്കുന്ന അപേക്ഷകൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

ജില്ലാതല കോമൺ പൂളിലുൾപ്പെട്ട അധ്യാപകർക്കും പ്രൈമറി വിഭാഗം പ്രധാനാധ്യാപകർക്കുമാണ് ഈ സർക്കുലർ പ്രകാരം സ്ഥലംമാറ്റത്തിന് അപേക്ഷിക്കാ നുള്ള യോഗ്യതയുള്ളത്. ഹൈസ്ക്കൂൾ വിഭാഗത്തിലെ പ്രഥമാധ്യാപകർ അവർക്കു ലഭിച്ച അപേക്ഷകൾ സർവ്വീസ് പുസ്തകവുമായി ഒത്തുനോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പുവരുത്തി അപേക്ഷകൾ നിശ്ചിത തീയതിയ്ക്കകം ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് നൽകേണ്ട താണ്. എൽ.പി/യു.പി വിഭാഗം സ്കൂളുകളിലെ പ്രഥമാധ്യാപകർ അവർക്ക് ലഭിച്ച അപേക്ഷകൾ അപേക്ഷകരുടെ സർവ്വീസ് പുസ്തകവുമായി ഒത്തു നോക്കി പരിശോധിച്ച് രേഖപ്പെടുത്തിയിരിക്കുന്ന വിവരങ്ങളുടെ കൃത്യത ഉറപ്പു വരുത്തി ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. പ്രൈമറി വിഭാഗം പ്രധാനാധ്യാപകർ സ്ഥലം മാറ്റത്തിന്

അപേക്ഷിക്കുന്നുണ്ടെങ്കിൽ അതിലേക്കുള്ള അപേക്ഷ ബന്ധപ്പെട്ട ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകേണ്ടതാണ്. സർക്കാർ സർവ്വീസിലുള്ള അധ്യാപകരുടെ സ്ഥലം മാറ്റത്തിനായി നിലവിലെ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടായിരിക്കണം വിദ്യാഭ്യാസ ഉപഡയറക്ടർമാർ കോമൺ പൂളിലുള്ള അധ്യാപകരുടെ അപേക്ഷകൾ പരിശോധിച്ച് സ്ഥലംമാറ്റം നൽകേണ്ടത്.

കോമൺ പൂളിൽ ഉൾപ്പെട്ട അധ്യാപകരുടെയും പ്രൈമറി വിഭാഗം പ്രധാനാധ്യാപകരുടെയും പൊതു സ്ഥലംമാറ്റം നടത്തുന്നതിലേയ്ക്കുള്ള സമയക്രമം ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1) | ഹൈസ്ക്കൂൾ തലം വരെയുള്ള സ്കൂളുകളിലെ അധ്യാപകരുടെ സ്ഥലംമാറ്റ അപേക്ഷ പ്രധാനാധ്യാപകൻ സ്വീകരിക്കേണ്ട അവസാന തീയതി. | 08/02/2019 |
| 2) | പ്രൈമറി വിഭാഗം മാത്രമുള്ള സ്കൂളുകളിലെ അധ്യാപകരുടെയും പ്രൈമറി വിഭാഗം പ്രധാനാധ്യാപകരുടെയും സ്ഥലംമാറ്റ അപേക്ഷ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ സ്വീകരിക്കേണ്ട അവസാന തീയതി | 08/02/2019 |
| 3) | ഹൈസ്ക്കൂൾ വിഭാഗം പ്രധാനാധ്യാപകരും, ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറും ശേഖരിച്ച അപേക്ഷകൾ ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ സ്വീകരിക്കുന്ന അവസാന തീയതി. | 15/02/2019 |
| 4) | അപേക്ഷ പരിശോധിച്ച് ഓരോ തസ്തികയുടെയും സീനിയോറിറ്റി ലിസ്റ്റ് വിദ്യാഭ്യാസ ഉപഡയറക്ടർ പ്രസിദ്ധീകരിച്ച് സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ട തീയതി. | 21/02/2019 |
| 5) | അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കേണ്ട തീയതി | 28/02/2019 |

**പൊതുവിദ്യാഭ്യാസ ഡയറക്ടർ (ഇൻ-ചാർജ്)**

1) എക്സിക്യൂട്ടീവ് ഡയറക്ടർ, KITE (Transfer and posting) വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നിർദ്ദേശം നൽകുന്നു).
2) എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
3) എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും
4) എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

(2–4: അധികാര പരിധിയിലുള്ള പഞ്ചായത്ത് സ്കൂളുകളിൽ അറിയിപ്പ് നൽകാനുള്ള നിർദ്ദേശം നൽകുന്നു.)

5) എ1, എ3, എ6 സെക്ഷൻ
6) കരുതൽ ഫയൽ

*എ.റ്റി.*